**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 369** **19-03-2025 - ൽ മറുപടിയ്ക്ക്**

**ആറളം ഫാമിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആറളം പുനരധിവാസ മേഖലയിലും ഫാമിലുമായി വന്യജീവി ആക്രമണത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ പന്ത്രണ്ട് പേരുടെ ജീവൻ നഷ്ടമായി എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഗൗരവമായി കാണുന്നുണ്ട്. ഇത്തരം സംഭവങ്ങൾ തടയുന്നതിനുള്ള സത്വര പ്രതിരോധ മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചു വരുന്നു. വനംവകുപ്പിന്റെ നേതൃത്വത്തിൽ ആറളം ഫാമിൽ നിന്നും ആനകളെ ആറളം വന്യജീവി സങ്കേതത്തിലേയ്ക്ക് കടത്തിവിടുന്ന നടപടികൾ തുടർന്നുവരുന്നു. വനംവകുപ്പ് മന്ത്രിയുടെ യോഗത്തിലെടുത്ത തീരുമാന പ്രകാരം രൂപീകരിച്ച പ്രാദേശിക കമ്മിറ്റിയുടെ അവലോകന യോഗം പേരാവൂർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ 01/03/2025 ന് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ചേരുകയുണ്ടായി.<br><br>മേൽ യോഗത്തിൽ ഫാമിൽ നിന്നും ആനകളെ ആറളം വന്യജീവി സങ്കേതത്തിലേയ്ക്ക് കടത്തിവിടുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജനങ്ങളുടെ സഹകരണവും വിവിധ വകുപ്പുകളുടെ ഏകോപനവും ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ മേഖലയിലെ കാട്ടുമൂടിക്കിടക്കുന്ന സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെയും യുവജന, സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി അടിക്കാടുകൾ വെട്ടിമാറ്റുന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. സോളാർ ഹാങിംഗ് ഫെൻസിംഗ് അനെർട്ട് മുഖേന വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആറളം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ആനകളെ ആറളം വന്യജീവി സങ്കേതത്തിലേയ്ക്ക് കടത്തിവിടുന്ന ദൗത്യം കഴിയുന്നതുവരെ പ്രദേശത്ത് പോലീസ്, ഫയർഫോഴ്സ്, എക്സൈസ് എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും ജനങ്ങളുടെ സുരക്ഷ മുൻനിർത്തി ഈ മേഖലയിലെ പരിപ്പ്തോട്-കോട്ടപ്പാറ റോഡിലെ ഗതാഗതം നിർത്തിവെക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്ത് വനംവ- |

| | | | |
|---|---|---|---|
| | | | കൂപ്പ് രാവിലെയും വൈകിട്ടും ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തിവരികയും 24 മണിക്കൂറും പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. പകൽ 40 ഓളം ജീവനക്കാരും രാത്രിയിൽ 3 വാഹനങ്ങളിലായി 15 ജീവനക്കാരും പട്രോളിംഗ് നടത്തിവരുന്നുണ്ട്. വന്യമൃഗങ്ങളിൽ നിന്നുള്ള അപകടം ഒഴിവാക്കുന്നതിന് ആറളം പുനരധിവസമേഖലയിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസും, സോഷ്യൽ മീഡിയ വഴി അടിയന്തിര അറിയിപ്പുകളും നൽകി വരുന്നു. ആറളം പുനരധിവാസമേഖലയിൽ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും, സുരക്ഷ ഒരുക്കുന്നതിനും, വനം വകുപ്പിനെ സഹായിക്കുന്നതിനും വേണ്ടി പ്രദേശത്തെക്കുറിച്ച് അറിവും പരിചയവുമുള്ള തദ്ദേശീയ വോളന്റീയർമാരെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീം (പി.ആർ.ടി.) രൂപീകരിച്ചിട്ടുണ്ട്.<br>23/02/2025-ൽ ആറളം ഫാമിൽ കശുവണ്ടി ശേഖരിക്കുകയായിരുന്ന ബ്ലോക്ക് 13-ലെ പ്ലോട്ട് നമ്പർ 1542-ലെ താമസക്കാരായ വെള്ളി, ലീല എന്നീ ദമ്പതികൾ കാട്ടാനയുടെ മുന്നിൽ അകപ്പെട്ട് മരണപ്പെട്ട സംഭവത്തിൽ അടിയന്തിര സഹായമായി 10 ലക്ഷം രൂപ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കേറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 10 ലക്ഷം രൂപകൂടി നൽകുവാൻ സാധിക്കും.<br>ആറളം വന്യജീവി സങ്കേതവും, ആറളം പുനരധിവാസമേഖലയും അതിർത്തി പങ്കിടുന്ന ടി.ആർ.ഡി.എം. ന്റെ സ്ഥലത്ത് 10.5 കി.മീ. നീളമുള്ള ആന പ്രതിരോധമതിലിന്റെ പ്രവൃത്തി പി.ഡബ്ല്യൂ.ഡി.യുടെ മേൽ നോട്ടത്തിൽ പുരോഗമിച്ച് വരുന്നുണ്ട്. ഇതുവരെ ഏകദേശം 4 കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ പണി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 6.5 കി.മീ. വരുന്ന മതിലിന്റെ പണിപൂർത്തിയാക്കാനുള്ള ദൂരത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് അനെർട്ട് വഴി അടിയന്തിരമായി ഹാഗിംങ്ങ് ഫെൻസിംഗ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>ആറളം ഫാമിൽ ജനങ്ങളുടെ സുരക്ഷ മുൻനിർത്തി സാധ്യമായ എല്ലാ നടപടികളും വനം വകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് സ്വീകരിച്ചു വരികയാണ്. |
| (ബി) | ആറളം പുനരധിവാസ മേഖലയിൽ ദമ്പതിമാരെ കാട്ടാന ചവിട്ടിക്കൊന്ന സംഭവത്തിന് ശേഷവും കാട്ടാനയുടെ ആക്രമണം ഉണ്ടായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ആറളം പുനരധിവാസ മേഖലയിൽ ദമ്പതിമാരെ കാട്ടാന ചവിട്ടിക്കൊന്ന സംഭവത്തിന് ശേഷം അത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ 01-03-2025-ന് ആറളം ഫാമിലെ തന്നെ 13-ആം ബ്ലോക്കിൽ താമസിക്കുന്ന രണ്ടുപേർ |

| | | | |
|---|---|---|---|
| | | | ആകസ്മികമായി ആനയുടെ മുന്നിൽ പെട്ടതിനെ തുടർന്ന് ഇരുചക്രവാഹനത്തിൽ നിന്ന് വീണ് പരിക്ക് പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ